മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 15

**വാർത്താക്കുറിപ്പ്**

---

## എം.ജി. സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവലിന് ഇന്ന് തുടക്കം

ഉന്നത പഠന, ഗവേഷണ മേഖലകളിലെ നൂതന സാധ്യതകളിലേക്ക് വാതിൽ തുറക്കുന്ന മഹാത്മാ ഗാന്ധി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവൽ -യുനോയ 2023 ഇന്ന്(ജനുവരി 17) കോട്ടയത്ത് ആരംഭിക്കും. രാവിലെ 9.30ന് പ്രധാന വേദിയായ കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു മൂന്ന ദിവസത്തെ പ്രദർശനം ഉദ്ഘാടനം ചെയ്യും.

തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വിദ്യാഭ്യാസ പ്രദർശനം അഡ്വ. ജോസ് കെ. മാണി എംപിയും സെമിനാറുകൾ അഡ്വ. തോമസ് ചാഴികാടൻ എംപിയും പുസ്തകോത്സവം കാലിക്കറ്റ് സർവകലാശാലാ വൈസ് ചാന്സലർ ഡോ. എം.കെ. ജയരാജും ഉദ്ഘാടനം ചെയ്യും.

ചലച്ചിത്രോത്സവത്തിന്റെ ഉദ്ഘാടനം നടി സുരഭി ലക്ഷ്മി നിർവഹിക്കും. സാംസ്കാരികോത്സവം സംവിധായകൻ ലാൽ ജോസ് ഉദ്ഘാടനം ചെയ്യും.

സി.കെ. ആശ എം.എൽ.എ, എം.ജി സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ, സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിഡന്റ് പി.കെ. ഹരികുമാർ, സർവകലാശാലാ സിൻഡിക്കേറ്റ് അംഗം പ്രഫ. പി. ഹരികൃഷ്ണൻ, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ യൂണിവേഴ്സിറ്റി യൂണിയൻ ചെയർപേഴ്സൺ ജിനീഷ രാജൻ എന്നിവർ സംസാരിക്കും.

നാഗമ്പടം ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന വിദ്യാഭ്യാസ പ്രദർശനത്തിൽ സർവകലാശാലയിലെ വകുപ്പുകളുടെയും അഫിലിയേറ്റഡ് കോളജുകളുടെയും സ്റ്റാളുകളുണ്ട്. പുസ്തകോത്സവം, ശിൽപ്പശാലകൾ, ചലച്ചിത്രോത്സവം, മെഡിക്കൽ എക്സിബിഷൻ എന്നിവയും അക്കാദമിക് കാർണിവലിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.
(പി.ആർ.ഒ./39/1852/2022)

യുനോയ 2023

## ആവേശത്തോടെ വിദ്യാർഥികൾ;
## നഗരമുണർത്തി വിളംബര ഘോഷയാത്ര

മഹാത്മാ ഗാന്ധി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവൽ - യുനോയ 2023ന്റെ വിളംബര ഘോഷയാത്ര വിദ്യാർഥികളുടെ സജീവ പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളജുകളിലെയും വിദ്യാർഥികളും അധ്യാപകരും അനധ്യാപകരും അതത് സ്ഥാപനങ്ങളുടെ ബാനറിനു പിന്നിൽ കലാരൂപങ്ങളും നിശ്ചലദൃശ്യങ്ങളും ബാൻഡ് മേളവുമൊക്കെ അവതരിപ്പിച്ച് അണിനിരന്ന റാലി നഗരത്തിൽ ആഘോഷനിമിഷങ്ങളൊരുക്കി.

പടയണി, തെയ്യം, ഓട്ടംതുള്ളൽ, കഥകളി, മാർഗംകളി, പുലികളി, ചെണ്ടമേളം തുടങ്ങി നിരവധി കലാരൂപങ്ങളാണ് റാലിയിൽ അവതരിപ്പിച്ചത്. കാർണിവലിന്റെ ലോഗോ പതിച്ച വർണ ബലൂണുകളുമായാണ് ഭൂരിഭാഗം വിദ്യാർഥികളും നടന്നുനീങ്ങിയത്. പതിറ്റാണ്ടുകൾക്കു മുൻപുള്ള വേഷവിതാനങ്ങളും കടലാസുകൊണ്ടുള്ള വസ്ത്രങ്ങളുമണിഞ്ഞവർ ശ്രദ്ധ നേടി. എൻ.സി.സി കേഡറ്റുകളും നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാരും പരിപാടിയിൽ പങ്കുചേർന്നു.

പോലീസ് പരേഡ് ഗ്രൗണ്ടിൽ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് ഘോഷയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. വൈസ് ചാന്സലർ പ്രഫ. സാബു തോമസ്, പ്രോ വൈസ് ചാന്സലർ ഡോ. സി.ടി. അരവിന്ദ കുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, പി. ഹരികൃഷ്ണൻ, ഡോ. എസ്. ഷാജില ബീവി, ഡോ. ബിജു തോമസ്, ഡോ. കെ.എം. സുധാകരൻ,ഡോ. ബാബു മൈക്കിൾ,ഡോ. ആർ. അനിത, ഡോ. ബിജു പുഷ്പൻ, ഡോ. പി.എസ്. സുകുമാരൻ, ഡോ. റോബിനറ്റ് ജേക്കബ്, എം.എച്ച്. ഇല്യാസ്, ജസ്റ്റിൻ ജോസഫ്,രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത് തുടങ്ങിയവർ റാലി നയിച്ചു.

ഘോഷയാത്ര തിരുനക്കര മൈതാനത്ത് സമാപിച്ചു. വൈസ് ചാൻസലർ പ്രഫ. സാബു തോമസ് സമാപന സന്ദേശം നൽകി. സർവ്വകലാശാലയുടെയും അഫിലിയേറ്റഡ് കോളജുകളുടെയും അക്കാദമിക്, ഗവേഷണ മേഖലകളിലെ മികവിന്റെ നേർക്കാഴ്ച്ചയായിരിക്കും യുനോയ 2023 കാർണിവലെന്ന് അദ്ദേഹം പറഞ്ഞു. പരിപാടിയുടെ വിജയത്തിന് എല്ലാവരുടെയും സജീവ പങ്കാളിത്തമുണ്ടാകണമെന്ന് അദ്ദേഹം നിർദേശിച്ചു.
(പി.ആർ.ഒ./39/1852/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ജനുവരി 30 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 18 വരെ അപേക്ഷ നൽകാം.

പിഴയോടു കൂടി ജനുവരി 19 നും സൂപ്പർ ഫൈനോടെ ജനുവരി 20 നും അപേക്ഷ സ്വീകരിക്കും. പരീക്ഷാ ഫീസിനൊപ്പം ഒരു പേപ്പറിന് 50 രൂപ നിരക്കിൽ (പരമാവധി 300 രൂപ) സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം.

.................

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020 അഡ്മിഷനുകൾ റീ-അപ്പിയറൻസ്), ബി.എസ്.സി സൈബർ ഫോറൻസിക് (2021 അഡ്മിഷൻ റുഗലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷനുകൾ റീ-അപ്പിയറൻസ്) ബിരുദ പരീക്ഷകൾക്ക് ജനുവരി 20 മുതൽ 27 വരെ അപേക്ഷ നൽകാം.

പിഴയോടു കൂടി ജനുവരി 28 നും സൂപ്പർ ഫൈനോടെ ജനുവരി 30 വരെയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1852/2022)

## ടെക്നിക്കൽ അസിസ്റ്റൻ്റ് വാക്ക്- ഇൻ -ഇൻറർവ്യൂ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ടെക്നിക്കൽ അസിസ്റ്റൻ്റ് തസ്തികയിലേയ്ക്ക് ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനത്തിനുള്ള വാക്ക്- ഇൻ -ഇൻറർവ്യൂ ജൂവരി 20ന് നടക്കും.

ഓപ്പൺ വിഭാഗത്തിലും മുസ്ലിം വിഭാഗത്തിലും ഓരോ ഒഴിവു വീതമാണുള്ളത്.

കെമിസ്ട്രി അല്ലെങ്കിൽ പോളിമർ കെമിസ്ട്രയിൽ ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദവും ഈ മേഖലയിലുള്ള പ്രവൃത്തി പരിചയവുമാണ് അടിസ്ഥാന യോഗ്യത.

സഞ്ചിത നിരക്കിൽ 15,000 രൂപ ആണ് പ്രതിമാസ വേതനം. ജനുവരി ഒന്നിന് 36 വയസ് കവിയരുത്. (പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായ പരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കും).

അഭിമുഖത്തിന് എത്തുന്നവർ അപേക്ഷാ ഫോറം പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധികയോഗ്യത എന്നിവയുടെ അസ്സലും പകർപ്പുകളും സഹിതം ജനുവരി 20 ന് ഉച്ചയ്ക്ക് ഒരു മണിക്ക് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലുള്ള എജി. എ. 5 സെക്ഷനിൽ ഹാജരാകണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/1852/2022)

## റിസർച്ച് ഫെലോ

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ബയോസയൻസസിൽ ഡോ. എൻ. രാധാകൃഷ്ണൻ ഫൗണ്ടേഷൻ റിസർച്ച് ഫെലോയുടെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

75 ശതമാനം മാർക്കോടെ എം.എസ്.സി ബയോഫിസിക്സ് ബിരുദവും ഒരു വർഷത്തെ ഗവേഷണ പരിചയവും എൻ.ഇ.ടി അല്ലെങ്കിൽ ജി.എ.ടി.ഇ യോഗ്യതയും അന്താരാഷ്ട്ര ജേണലുകളിലെ പബ്ലിക്കേഷനുകളുമാണ് യോഗ്യത.

രണ്ടു വർഷമാണ് പ്രോജക്ടിന്റെ സമയപരിധി. താൽപര്യമുള്ളവർ 2622@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് ജനുവരി 25 ന് മുൻപ് ബയോഡാറ്റ അയയ്ക്കണം. വിശദവിവരങ്ങൾ വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1852/2022)

## പരീക്ഷ മാറ്റി

ജനുവരി 20, 23, 27, 30 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.പി.എഡ് (2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2015,2016,2017,2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഫെബ്രുവരി 27, മാർച്ച് ഒന്ന്, മൂന്ന്, ആറ് തീയതികളിലേക്ക് മാറ്റി. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല. വിശദവിവരങ്ങൾ വെബ്‌സൈറ്റിൽ.

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് ഫുഡ് പ്രോസസിംഗ് ടെകനോളജി (2016,2017,2018 അഡ്മിഷനുകൾ സപ്ലിമെന്ററി 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ (എ.ഒ.സി.) പരീക്ഷ ജനുവരി 20 മുതൽ പാലാ സെന്റ് തോമസ് കോളജിൽ നടത്തും. വിശദ വിവരങ്ങൾ വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1852/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**